DESPATCHED
On...05/03/2020

14.1.20


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 2184*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *13346/എസ്.ഐ.സി–ജി 6/14*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ.കുഞ്ഞിക്കണാരൻ<br>വർണ്ണക്കൊടി ഹൗസ്,<br>വീരവഞ്ചേരി ദേശം<br>കടലൂർ പി.ഒ<br>കോഴിക്കോട് | പരാതി ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&<br>മൂടാടി ഗ്രാമപഞ്ചായത്ത്,<br>കടലൂർ പി.ഒ<br>കൊയിലാണ്ടി(വഴി)<br>കോഴിക്കോട്<br><br>2. അപ്പീൽ അധികാരി<br>ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്<br>കോഴിക്കോട് | എതിർകക്ഷികൾ |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ വിവരം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ വീഡിയോ കോൺഫറൻസിൽ ഹാജരാകുവാൻ ഇരുകക്ഷികൾക്കും നോട്ടീസ് നൽകുകയും ഹാജരായ എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിൽ, ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയിൽ എ5/3139/08 നമ്പർ നോട്ടീസിനെ സംബന്ധിച്ച് തീർപ്പാക്കിയ രേഖകളാണ് ആവശ്യപ്പെട്ടതെന്നും, ആയത് പരിശോധനയിൽ ലഭിക്കാത്തതിനെ ത്തുടർന്ന്, ആയത് ലഭിക്കുന്ന മുറയ്ക്ക് അയച്ചുതരുന്നതാണെന്ന് കാണിച്ച് മറുപടി നൽകിയെന്നും, ടി മറുപടിക്കെതിരെ ഹർജിക്കാരൻ അപ്പീൽ നൽകിയെന്നും, ആയതിനെത്തുടർന്ന് ബന്ധപ്പെട്ട ജീവനക്കാർക്ക് ഓഫീസ് ഓർഡർ മുഖാന്തിരം നിർദ്ദേശം നൽകിയെങ്കിലും രേഖകൾ കണ്ടെത്താനായില്ലെന്നും ടി വിവരം അപ്പീൽവാദിക്ക് രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകിയിട്ടുണ്ടെന്നുമാണ്. 13.11.2016 തിയതിയിൽ ഹർജിക്കാരൻ മരണപ്പെട്ടുവെന്നും ബോധിപ്പിച്ചു.

3. അപ്പീൽ ഹർജിയും, എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖ കളും പരിശോധിച്ചതിലും, ഹർജിക്കാരൻ ആവശ്യപ്പെട്ട ഫയൽ കണ്ടെത്താൻ സാധിക്കാത്തതിനാലും ടിയാൻ മരണപ്പെട്ടതായി എസ്.പി.ഐ.ഒ റിപ്പോർട്ട് നൽകിയതിനാലും ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2020 ജനുവരി 14–ാം തീയതി കമ്മീ ഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM



res